പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1655 | 07.03.2018-ൽ മറുപടിക്ക് |
|---|---|

## പോലീസ് മർദ്ദനം

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ് പി. | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പോലീസ് ഉദ്യോഗസ്ഥർക്ക് പ്രതികളെയും അല്ലാത്തവരെയും മർദ്ദിക്കുന്നതിനുള്ള അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പോലീസ് ഉദ്യോഗസ്ഥർക്ക് അറസ്റ്റ്, ന്യായവിരോധമായ ജനക്കൂട്ടത്തെ പിരിച്ചുവിടൽ തുടങ്ങിയ സന്ദർഭങ്ങളിൽ ബലപ്രയോഗം അനിവാര്യമെങ്കിൽ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ബലപ്രയോഗം നടത്താവുന്നതാണ്. ആരെയും മർദ്ദിക്കുന്നതിനുള്ള അധികാരം പോലീസിനില്ല. |
| (ബി) | പോലീസ് ഉദ്യോഗസ്ഥരുടെ മർദ്ദനത്തിനിരയാകുന്ന ജനത്തിന് എന്തൊക്കെ നിയമ പരിരക്ഷകളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | നിയമം അനുശാസിക്കുന്ന തരത്തിലുള്ള എല്ലാവിധ പരിരക്ഷയ്ക്കും അവകാശമുണ്ട്. |
| (സി) | പോലീസിൽ നിന്നും മർദ്ദനം ഏറ്റതായ പരാതികളിൽ ഐ.പി.സി. പ്രകാരമുള്ള വകുപ്പുകൾ ചുമത്തി കുറ്റക്കാരായ പോലീസുകാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | ഇത്തരം പരാതികളിൽ അന്വേഷണം നടത്തി അന്വേഷണത്തിൽ കഴമ്പുള്ളതായി കണ്ടാൽ ഉചിതമായ വകുപ്പുതല നടപടികളും, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ പ്രകാരവും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്യാറുണ്ട്. |
| (ഡി) | പോലീസിൽ ഇന്നും നിലനിൽക്കുന്ന കൊളോണിയൽ സംസ്കാരം ഇല്ലാതാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ? | (ഡി) | കൊളോണിയൽ സംസ്കാരം പോലീസിൽ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ